# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **5004.** **28-10-2016 ൽ മറുപടിയ്ക്ക്**

## തരിശു ഭൂമി നെൽകൃഷി ചെയ്യുന്നതിനായി ഏറ്റെടുക്കൽ

**ചോദ്യം**

ശ്രീ.ഡി.കെ. മുരളി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷിക്ക് അനുയോജ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപ്പാടങ്ങൾ കൃഷി ചെയ്യുന്നതിനായി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൃഷിഭൂമിയുടെ ഉടമസ്ഥന് സ്വയം കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാടശേഖരസമിതി/സംയുക്ത കർഷക സംഘങ്ങൾ, കുടുംബശ്രീ/കർഷകസ്വയം സഹായ സംഘങ്ങൾ എന്നിവ മുഖേന കൃഷിചെയ്യുന്നതിന് 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശിക തല നിരീക്ഷണ സമിതികൾ നടപടി കൈകൊള്ളുന്നതാണ്. തണ്ണീർത്തട നിയമത്തിലെ വകുപ്പ് 16 പ്രകാരം കൃഷി ചെയ്യുവാൻ നെൽ വയലിന്റെ അനുഭവക്കാരൻ പ്രാദേശികതല നിരീക്ഷണ സമിതിക്ക് അനുമതി നൽകുന്ന പക്ഷം സമിതിക്ക് നിർണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്തും നെൽ വയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിട്ടുവിച്ചശേഷം ഒരു നിശ്ചിത കാലയളവിലേക്ക് പഞ്ചായത്തിനെ ഏൽപ്പിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട് കൃഷി ചെയ്യുന്നില്ല. എങ്കിൽ അതിനുള്ള അവകാശം പരമാവധി 2 വർഷ കാലയളവിലേക്ക് ലേലം ചെയ്തോ മറ്റ് വിധത്തിലോ ഏൽപ്പിച്ച് കൊടുക്കുന്നതിന് ക്രമീകരണം ചെയ്യാവുന്നതും അപ്രകാരം ചെയ്യുമ്പോൾ താഴെ പറയുന്ന പ്രകാരം മുൻ ഗണനാക്രമം പാലിക്കേണ്ടതുണ്ട്.<br>1.പാടശേഖരസമിതി/സംയുക്ത കർഷക സംഘങ്ങൾ<br>2.സ്വയം സഹായ സംഘങ്ങൾ |

| | | |
|---|---|---|
| | | 3.നെൽ വയൽ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ.<br>ഇപ്രകാരം അവകാശം ലഭിക്കുന്നവർ നെൽ വയൽ തിരിച്ചേൽപ്പിക്കുമ്പോൾ അതിന്റെ ഘടനയിൽ മാറ്റം വരുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ